## 5. ഇസ്‌ലാമിക ചരിത്ര ഗ്രന്ഥങ്ങളും ചരിത്രകാരന്മാരും

മുസ്‌ലിംകൾ നിസ്തുലമായ സംഭാവനകളർപ്പിച്ച വിജ്ഞാന ശാഖകളിലൊന്നാണ് ചരിത്രം. ഖുർആന്റെ ചരിത്ര വിവരണവും അതിന്റെ ചരിത്ര ദർശനം പകർന്നു നല്കിയ ചരിത്രബോധവും നിരന്തരമായ സൈനിക വിജയങ്ങൾ മൂലം ഉളവായ ആത്മാഭിമാനവുമാണ് മുസ്‌ലിംകളെ ചരിത്ര പഠനത്തിൽ ശ്രദ്ധയുള്ളവരാക്കിയത്. തങ്ങളുടെ ഗതകാല ചരിത്രം ഇത്ര കൃത്യമായും സൂക്ഷ്മമായും ഭാവി തലമുറക്ക് പകർന്നു നല്കാൻ മുസ്‌ലിംകളെപ്പോലെ ആവേശം കാണിച്ച മറ്റൊരു സമൂഹവും ലോകചരിത്രത്തിൽ കഴിഞ്ഞുപോയിട്ടില്ല. 14 നൂറ്റാണ്ട് ദൈർഘ്യമുള്ള ഇസ്‌ലാമിക ചരിത്രത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് എഴുതപ്പെട്ട ഗ്രന്ഥങ്ങൾ എല്ലാംകൂടി പരാമർശിക്കുകയെന്നത് തന്നെ സാഹസമാണ്. അതിനാൽ ഏതാനും പ്രധാന ഗ്രന്ഥങ്ങളെക്കുറിച്ച സൂചന മാത്രമേ ഇവിടെ സാധ്യമാകൂ.

### (i) നബിചരിത്ര കൃതികൾ

പ്രവാചക ചരിത്രത്തിൽനിന്നാണ് ഇസ്‌ലാമിക ചരിത്ര രചനയുടെ തുടക്കം. പ്രവാചക ചരിത്ര സംബന്ധമായ ഗ്രന്ഥങ്ങൾ കുതുബുസ്സീറഃ, കുതുബുൽ മഗാസി എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്. അതുതന്നെ സ്വതന്ത്രമായ ഒരു വിജ്ഞാന ശാഖയാണ് [നോ: സീറഃ]. ആദ്യത്തെ നബിചരിത്രം രചിച്ചത് ഖലീഫഃ ഉഥ്മാന്റെ പുത്രൻ അബാനുബ്നു ഉഥ്മാനാണ്. പ്രമുഖ സ്വഹാബി സുബൈറുബ്നുൽ അവ്വാമിന്റെ പുത്രൻ ഉർവതുബ്നുസ്സുബൈറും ഒരു നബിചരിത്രം ക്രോഡീകരിച്ചിരുന്നു. ഈ രണ്ട് ഗ്രന്ഥങ്ങളും അതിന്റെ തനത് രൂപത്തിൽ ഇന്ന് ലഭ്യമല്ലെങ്കിലും പില്ക്കാല ചരിത്രകാരൻമാർ തങ്ങളുടെ കൃതികളിൽ അവയിൽനിന്നുള്ള ഭാഗങ്ങൾ പലതും എടുത്തു ചേർത്തിട്ടുണ്ട്. ഹദീഥ് നിവേദനത്തിൽ പുലർത്തുന്ന സൂക്ഷ്മതയും അവധാനതയും ഇവർ ചരിത്ര രചനയിലും പുലർത്തി എന്നതാണ് ഈ ഗ്രന്ഥങ്ങളുടെ സവിശേഷത.

ഉർവഃയുടെ ശിഷ്യനും പ്രമുഖ പണ്ഡിതനുമായിരുന്ന ഇബ്നുശിഹാബിസ്സുഹ്‌രി(മ. 124)യാണ് ഗുരുനാഥൻ തുടങ്ങിവച്ച നബിചരിത്രത്തിന്റെ ക്രോഡീകരണം കൂടുതൽ പരിപുഷ്ടമാക്കിയത്. ഉമവീ ഖലീഫഃ ഉമറുബ്നു അബ്ദിൽ അസീസിന്റെ നിർദേശ പ്രകാരമാണ് അദ്ദേഹം നബിചരിത്രം ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ചത്. അസാമാന്യമായ നിരീക്ഷണ പാടവം കൈമുതലായുണ്ടായിരുന്ന സുഹ്‌രി നിവേദന പരമ്പരയുടെയും ഉള്ളടക്കത്തിന്റെയും ബലാബലം കൃത്യമായി പരിശോധിച്ചുറപ്പു വരുത്തിയതിനു ശേഷമേ നിവേദനം സ്വീകരിച്ചിരുന്നുള്ളൂ. അയുക്തികവും അസാധാരണവുമായ സംഭവങ്ങളുടെ റിപ്പോർട്ടുകൾ പൊതുവേ വർജിക്കുന്ന നിലപാടാണദ്ദേഹം സ്വീകരിച്ചിരുന്നത്. സുഹ്‌രിയുടെ ഗ്രന്ഥവും പില്ക്കാലത്ത് നഷ്ടപ്പെടുകയുണ്ടായി. എങ്കിലും അദ്ദേഹത്തിന്റെ റിപ്പോർട്ടുകൾ ത്വബരിയെപ്പോലുള്ള പില്ക്കാല ചരിത്രകാരന്മാരുടെ കൃതികളിൽ കാണാം.

മറ്റെല്ലാ വിജ്ഞാന ശാഖകളെയും പോലെ ചരിത്രത്തിന്റെയും വ്യവസ്ഥാപിതവും ശാസ്ത്രീയവുമായ ക്രോഡീകരണം നടന്നത് അബ്ബാസീ കാലഘട്ടത്തിലാണ്. ഇബ്നുഇസ്ഹാഖി(മ. 152)ന്റെ *കിതാബുൽ മഗാസി,* വാഖിദി(മ. 207)യുടെ *അസ്സീറതു വൽമഗാസി,* ഇബ്നുഹിശാമി(മ. 218)ന്റെ *അസ്സീറതുന്നബവിയ്യഃ* തുടങ്ങിയവ ഇക്കാലത്ത് രചിക്കപ്പെട്ട പ്രധാന നബി ചരിത്ര ഗ്രന്ഥങ്ങളാണ്.

ഇവിടെ പരാമർശിക്കപ്പെട്ട ഗ്രന്ഥങ്ങളെല്ലാം നബിചരിത്രം എന്ന പേരിലാണറിയപ്പെടുന്നതെങ്കിലും പ്രവാചകന്റെ വ്യക്തിജീവിതത്തിനു പുറമേ പ്രവാചകൻ മുഖ്യ കേന്ദ്രമായ ഇസ്‌ലാമിന്റെ ആദ്യകാല ചരിത്രവും അവയിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.